അഥവാ മെഡിക്കൽ അലവൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ്, 8 മണിക്കൂറിലധികം ചെയ്യുന്ന ജോലിക്ക് അധികവേതനം തുടങ്ങിയവയ്ക്കും അർഹതയുണ്ട്. തൊഴിൽ നിയമമനുസരിച്ച് ഓരോ ഹോസ്റ്റലും തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്യുകയും വർഷംതോറും പുതുക്കുകയും വേണം. മസ്റ്റർ ലീവ് രജിസ്റ്റർ, നാഷണൽ ഫെസ്റ്റിവെൽ ആന്റ് ഹോളിഡേസ് രജിസ്റ്റർ, അക്വിറ്റൻസ് രജിസ്റ്റർ തുടങ്ങിയവ ഓരോ ഹോസ്റ്റലിലും തയ്യാറാക്കി സൂക്ഷിക്കുകയും വേണം. തൊഴിൽ ഉദ്യോഗസ്ഥരുടെ പരിശോധനക്ക് ഇവ ഹാജരാക്കണം. അതു പോലെ വേജ് സ്ലിപ് നൽകണം. ഇരുപതിലധികം തൊഴിലാളികളുള്ള സ്ഥാപനത്തിലാണെങ്കിൽ പി.എഫ്.സ്കീം നടപ്പിലാക്കുകയും വേണം. എന്നാൽ ഇതൊന്നും ഒരൊറ്റ ഹോസ്റ്റലിലും നടപ്പിലാക്കുന്നില്ല. ആയത് നടപ്പിലാക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകുന്നതിനും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : ഗവൺമെന്റ് കോളേജ് ഹോസ്റ്റലുകളിലെ നിലവിലുള്ള എല്ലാ ജീവനക്കാരും സർക്കാർ ജീവനക്കാരാണ്. സർക്കാർ നിരക്കിലുള്ള വേതനവും മറ്റെല്ലാ ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നുണ്ട്. സ്വകാര്യ കോളേജ് ഹോസ്റ്റൽ തൊഴിലാളികളുടെ സേവനവേതന വ്യവസ്ഥകളെക്കുറിച്ച് ഇപ്പോൾ കൃത്യമായിട്ടുള്ള വ്യവസ്ഥകൾ ലഭ്യമല്ല. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോട് അനുബന്ധിച്ചുള്ള ഹോസ്റ്റലുകളിലെ തൊഴിലാളികളെ നിയമിക്കുന്നതും വേതനം നൽകുന്നതും ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളാണ്. മെസ് അക്കൗണ്ടിൽ നിന്നാണ് വേതനം നൽകുന്നത്. എന്നാൽ 6-8-82-ൽ മേൽപ്പടി ജീവനക്കാർക്കും മിനിമം വേതനപ്രകാരം വേതനം ശുപാർശ ചെയ്യുന്നതിന് സർക്കാർ ഒരു മിനിമം വേതന കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. കമ്മിറ്റിയുടെ ശുപാർശ സ്വീകരിച്ച് അവർക്ക് മിനിമം വേതനം ക്ലിപ്തപ്പെടുത്തിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മെസ് ബോയ്സിനും ഗേൾസിനും കാലാനുസൃതമായി മിനിമം വേതനം ക്രമപ്രകാരം നൽകാൻ ഔദ്യോഗിക നിർദ്ദേശം ഇപ്പോൾ നൽകിയിട്ടുണ്ട്. മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിനും മറ്റും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

(10) പന്തളം കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയിലെ വിവിധ പ്രശ്നങ്ങൾ

ശ്രീ. പി.കെ. കുമാരൻ : സർ, പന്തളത്തെ കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന്റെ ദുഃസ്ഥിതികൾ പരിഹരിക്കുന്നതിനുള്ള നടപടികളുണ്ടാകണമെന്നാണ് ഞാൻ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയോട് ആദ്യമായി അപേക്ഷിക്കുന്നത്. 1983-ൽ അന്നത്തെ അവിടത്തെ പഞ്ചായത്ത് കമ്മിറ്റി മൂന്ന് ഏക്കറിൽപ്പരം സ്ഥലം വാങ്ങി അതിലാവശ്യമായ കെട്ടിടങ്ങളും നിർമ്മിച്ചുകൊടുത്താണ് അവിടെ സബ് ഡിപ്പോ അനുവദിച്ച് അതിന്റെ പ്രവർത്തനമാരംഭിച്ചത്. അന്ന് അത് ആരംഭിക്കുമ്പോൾ അവിടെ 17 ഷെഡ്യൂളുകളുണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് തൊട്ട് മുൻപ് അത് വെറും ഏഴോ എട്ടോ ഷെഡ്യൂളുകളായി ചുരുങ്ങി. എന്നു പറഞ്ഞാൽ ആ കാലഘട്ടത്തിൽ മാറിമാറി വന്ന ഗവൺമെന്റുകൾ അത് സംരക്ഷിക്കുന്നതിനു പകരം അതിനെ തരംതാഴ്ത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഇപ്പോൾ നാലഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

ഷെഡ്യൂളുകൾ കൂടി അനുവദിക്കുകയും അതിനുള്ള ബസ്സുകൾ തരികയും ചെയ്തു. ആ നിലയിൽ അതിനോട് വലിയ സന്തോഷമുണ്ട്. എന്നാൽ ഇപ്പോൾ അവിടെ വളരെയേറെ ബുദ്ധിമുട്ടുകളുണ്ട്. അവിടെ വന്നുപോകുന്ന യാത്രക്കാർക്ക് മൂത്രം ഒഴിക്കുന്നതിനുള്ള സൗകര്യങ്ങളില്ല. ബസ്സ് ഓടിക്കുന്ന ജീവനക്കാർക്കാവശ്യമായ വെള്ളം കിട്ടുന്നതിനുള്ള സൗകര്യമില്ല. ബസ്സ് സ്റ്റേഷനാകെ കുണ്ടും കുഴിയുമായി കിടക്കുകയാണ്. ഈ സ്ഥിതിക്ക് അടിയന്തിരമായ ഒരു പരിഹാരമുണ്ടാകണം. അവിടെ ഇപ്പോഴുള്ളതെല്ലാം പഴയ ബസ്സുകളാണ്. ആ പഴയ ബസ്സുകളുടെ സ്ഥാനത്ത് പുതിയ ബസ്സുകൾ കിട്ടാനുള്ള നടപടി ഉണ്ടാകണം. ഇപ്പോൾ 13 ഷെഡ്യൂളുകളോടൊപ്പം തന്നെ ഒരു അഡീഷണൽ ഷെഡ്യൂളും ഓടുന്നുണ്ട്. അത് ഒരു സ്ഥിരം ഷെഡ്യൂൾ ആയിട്ട് മാറ്റണം. പ്രത്യേകിച്ച് അവിടെയുള്ള ദുഃസ്ഥിതി പരിഹരിക്കണമെങ്കിൽ അവിടെ ഇന്നുള്ള ഓപ്പറേറ്റിംഗ് സെന്റർ... അത് നേരത്തെ സബ് ഡിപ്പോ ആയിട്ടാണ് പ്രവർത്തനം ആരംഭിച്ചതെങ്കിലും ക്രമേണ താണ് ഇന്ന് ഓപ്പറേറ്റിംഗ് സെന്റർ ആയിട്ടാണ് പ്രവർത്തിക്കുന്നത്. ആ ഓപ്പറേറ്റിംഗ് സെന്റർ എ.ടി. ആഫീസ് ആയിട്ട് ഉയർത്താനുള്ള നടപടി ഉണ്ടാകണം. പന്തളം എല്ലാം കൊണ്ടും വളരെ പ്രാധാന്യമുള്ള ഒരു സ്ഥലമാണ്. കോളേജുകളും പ്രധാനപ്പെട്ട ആശുപത്രികളും ഉള്ളതാണ്. ഈ സബ് ഡിപ്പോ അവിടെ ആദ്യം തുടങ്ങിയപ്പോൾ വളരെ ആദായകരമായിരുന്നു. ഇപ്പോഴും അത് ലാഭകരമായി പ്രവർത്തിക്കുന്നു. ആവശ്യമായ വാഹനങ്ങൾ നൽകി ഈ ഓപ്പറേറ്റിംഗ് ഒരു എ.ടി. ആഫീസായിട്ട് ഉയർത്തി പ്രവർത്തിപ്പിക്കാനാവശ്യമായ നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ: എ. നീലലോഹിതദാസൻ നാടാർ) : സർ, ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 9 ഷെഡ്യൂളുകളാണ് പന്തളം ഓപ്പറേറ്റിംഗ് സെന്ററിൽ നടത്തുവാനായി നിശ്ചയിച്ചിരുന്നത്. ഇപ്പോൾ അവിടെ 12 ഷെഡ്യൂളുകളിൽ, ഫാസ്റ്റ് പാസ്സഞ്ചർ 2, ഓർഡിനറി 10 സർവ്വീസുകൾ നടത്തുന്നുണ്ട്. പന്തളം ഓപ്പറേറ്റിംഗ് സെന്ററിന് 10 കിലോമീറ്ററിനുള്ളിൽ അടൂരിൽ ഒരു സബ് ഡിപ്പോ പ്രവർത്തിക്കുന്നുണ്ട്. അടൂരിൽ നിന്നുള്ള പല സർവീസുകളും പന്തളം വഴി ഓപ്പറേറ്റ് ചെയ്യപ്പെടുന്നുണ്ട്. വാഹനത്തിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നുണ്ട്. കെ.എസ്.ആർ.ടി.സി.ക്ക് ഇവിടേയ്ക്ക് കൂടുതൽ സർവ്വീസുകൾ നൽകുവാൻ ഇപ്പോൾ കഴിയുകയില്ല. ഇവിടത്തെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അത്യാവശ്യ മരാമത്തു പണികൾ നടത്തുന്നതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്പോൾ വാടകകെട്ടിടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആഫീസും ജീവനക്കാരുടെ വിശ്രമമുറികളും ബസ്സ്റ്റേഷനിൽ നിലവിലുള്ള വെയിറ്റിംഗ് ഷെഡും ഉൾപ്പെടുന്ന കെട്ടിടം വിപുലപ്പെടുത്തി സൗകര്യപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാർക്കും യാത്രക്കാർക്കും ആവശ്യമായ ടോയ്ലറ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ബസ്സ്റ്റേഷൻ പരിസരത്ത് ഒരു കിണർ കുഴിക്കുന്നതിന് അനുവാദം നൽകി. സാമ്പത്തികനില മെച്ചമാകുന്ന മുറയ്ക്ക് പണികൾ ഏറ്റെടുത്ത് പൂർത്തിയാക്കുന്നതാണ്. ഒരു ഓപ്പറേറ്റിംഗ് സെന്ററിനെ എ.ടി. ആഫീസാക്കി ഉയർത്തുന്നതിനും, നടത്തിക്കൊണ്ടുപോകുന്നതിനും പണച്ചെലവ് വളരെയധികമാണ്. ഇന്നത്തെ സാമ്പത്തിക സാഹചര്യത്തിൽ ഇത് കെ.എസ്.ആർ.ടി.സി.യ്ക്ക് താങ്ങാവുന്നതിലധികമാണ്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതനുസരിച്ച് ആവശ്യം പരിശോധിച്ച് അംഗീകരിക്കുന്നതാണ്.

823/2010.

LIBRARY ARCHIVES Kerala Legislative Assembly